**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*99 04.12.2014 -ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി

*ചോദ്യം*
ശ്രീ. സി.ദിവാകരൻ
ശ്രീ. കെ.രാജു
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) നടപ്പിലാക്കാൻ എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചത്; അവ ഏതെല്ലാം; | (എ) | 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്.<br><br>1. ഇൻസ്റ്റിറ്റ്യൂഷണൽപ്ലാനുകൾക്ക് – 506 കോടി<br>2. നിലവിലുള്ള ആട്ടോണമസ് കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുന്നതിന് – 55 കോടി<br>3. ക്ലസ്റ്റർ കോളേജ് യൂണിവേഴ്സിറ്റിയാക്കുന്നതിനു – 55 കോടി<br>4. യൂണിവേഴ്സിറ്റികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് – 120 കോടി<br>5. പിന്നോക്കാവസ്ഥയിലുള്ള ജില്ലകളിൽ 4 ഗവ. കോളേജുകൾ ആരംഭിക്കുന്നതിന് – 48 കോടി<br>6. നിലവിലുള്ള ഡിഗ്രി കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളായി ഉയർത്തുന്നതിന് – 24 കോടി<br>7. പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് – 52 കോടി<br>8. റിസർച്ച്, ഇന്നോവേഷൻ,ക്വാളിറ്റി – 120 കോടി |

| | | | |
|---|---|---|---|
| | | | 9. ഇക്വിറ്റി ഇൻഷ്യേറ്റീവ് – 5 കോടി<br><br>10. ഫാക്കൽറ്റി റിക്രൂട്ട്മെന്റ് – 76.56 കോടി<br><br>11. ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി - – 6 കോടി<br><br>12. വൊക്കേഷണലൈസേഷൻ ഓഫ് ഹയർ എഡ്യൂക്കേഷൻ – 15 കോടി<br><br>13. ലീഡർഷിപ്പ് ഡെവെലപ്മെന്റ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ് – 5 കോടി<br><br>14. ഇൻസ്റ്റിറ്റ്യൂഷണൽ റീസ്ട്രക്ചറിംഗ് – 20 കോടി<br><br>15. കപ്പാസിറ്റി ബിൽഡിംഗ്, ഡാറ്റാ കളക്ഷൻ, സർവ്വേ ആന്റ് പ്ലാനിംഗ് – 10 കോടി<br><br>16. എം.ഐ.എസ്. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (മാനേജ് മെന്റ്) – 10 കോടി<br><br>17. എം.എം.ഇ.ആർ. (മാനേജ്മെന്റ് മോണിറ്ററിംഗ്, ഇവാല്യുവേഷൻ ആന്റ് റിസർച്ച്) – .6 കോടി |
| (ബി) | പ്രസ്തുത പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. പദ്ധതികൾ അംഗീകരിക്കാനുള്ള റൂസയുടെ പ്രോജക്ട് അപ്രൈസൽ ബോഡ് (PAB) യോഗം ചേർന്ന് വേണം പദ്ധതികൾ അംഗീകരിക്കാൻ. PAB മീറ്റിംഗ് കൂടി തീരുമാനിക്കാത്തതിനാൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. |
| (സി) | ഈ അദ്ധ്യയന വർഷത്തെ പദ്ധതികൾക്ക് ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് രൂപകല്പന നൽകിയത്; | (സി) | കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലും, ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റും ചേർന്നാണ് പദ്ധതികൾക്ക് രൂപകല്പന നൽകിയത്. |

| | | | |
|---|---|---|---|
| (ഡി) | റൂസ ഫണ്ട് വിനിയോഗത്തിനുള്ള വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ ഈ സമിതി എത്ര യോഗം കൂടിയിട്ടുണ്ട്; പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | കോളേജുകളും, യൂണിവേഴ്സിറ്റികളും സമർപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾ പരിശോധിക്കാനും തീരുമാനിക്കാനും, സ്റ്റേറ്റ് ലവൽ പ്രോജക്ട് ഡയറക്ടറേറ്റും എസ്പെർട്സ് ഓഫ് ടെക്കിനിക്കൽ സപ്പോർട്ട് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാന തലത്തിൽ പ്രോജക്ട് പ്രാവർത്തികമാക്കുന്നത് നിരീക്ഷിക്കുക, റിപ്പോർട്ടുകളും സ്റ്റാറ്റിസ്റ്റിക്കൽ ഡേറ്റകളും പരിശോധനയ്ക്ക് വിധേയമാക്കുക, ആവശ്യമായ സന്ദർഭങ്ങളിൽ ആഡിറ്റർമാരെ നിയമിക്കുക ഇവയെല്ലാമാണ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ചുമതലകൾ. ധനവിനിയോഗവും ഇതുമായി ബന്ധപ്പെട്ട വിവരങ്ങളും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിനെ സഹായിക്കുക എന്നിവയാണ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ ചുമതലകൾ. |

സെക്ഷൻ ഓഫീസർ